# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4708** **19.05.2017-ൽ മറുപടിയ്ക്ക്**

**ചാലക്കുടി മണ്ഡലത്തിലെ കോളനികളിലെ പരമ്പരാഗത ഉൽപ്പന്നങ്ങൾ**

**ചോദ്യം**
**ശ്രീ.ബി.ഡി. ദേവസ്സി**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ചാലക്കുടി മണ്ഡലത്തിലെ വിവിധ പട്ടികവർഗ്ഗ കോളനികളിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ പരമ്പരാഗത ഈറ്റ ഉൽപ്പന്നങ്ങൾ, കണ്ണാടിപ്പായ മുളകൊണ്ടുള്ള വിവിധ വാദ്യോപകരണങ്ങൾ, മുറം, തുടങ്ങിയവയുടെ നിർമ്മാണത്തിനും, വിപണനത്തിനും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | എ) | ചാലക്കുടി മണ്ഡലത്തിലെ വിവിധ പട്ടികവർഗ്ഗ കോളനികളിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ പരമ്പരാഗത ഈറ്റ ഉൽപ്പന്നങ്ങൾ, കണ്ണാടിപ്പായ മുളകൊണ്ടുള്ള വിവിധ വാദ്യോപകരണങ്ങൾ മുറം തുടങ്ങിയവയുടെ നിർമ്മാണത്തിനും വിപണനത്തിനും വേണ്ടി നടപ്പ് സാമ്പത്തികവർഷത്തെ പ്രത്യേക കേന്ദ്ര ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി മലക്കപ്പാറ കേന്ദ്രീകരിച്ച് വിപണനശാല തുടങ്ങുന്നതിന് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ പ്രൊപ്പോസൽ സമർപ്പിക്കാൻ ചാലക്കുടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇവരെ കണ്ടെത്തി സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിക്കുന്നതിനും പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത ഉൽപ്പന്ന പ്രദർശന മേളയായ ഗദ്ദികയിൽ ഇവരെ പങ്കെടുപ്പിക്കുന്നതിനും ചാലക്കുടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ